# മണൽപാസ് എന്ന കടലാസ് കഷണം

പ്രമോദ് സുബ്രഹ്മണ്യൻ

## നിരോധനം മറുകുന്നു മണൽമാഫിയ വളരുന്നു II

2001ൽ നിശ്ചയിച്ച ഇപ്പോഴും നിലവിലുള്ള നിരക്ക് പ്രകാരം നിരോധനമില്ലാത്ത മാസങ്ങളിൽ മണൽ വാരാൻ വലിയ ലോറി ഒരു ലോഡിന് 1000 രൂപയാണ് നിരക്ക്. 6 ചക്രമുള്ള മിനിലോറിക്ക് 750 രൂപയും, 4 ചക്രത്തിന് 600 രൂപയും, ട്രാക്ടറിന് 375 രൂപയുമാണ് ഈടാക്കുന്നത്. ഓരോ പഞ്ചായത്തിലും നിശ്ചയിക്കപ്പെട്ട കടവുകളിൽ ഒരു ദിവസം കയറ്റാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തിയിരിക്കും. അതിനനുസരിച്ച് പാസ് വിതരണം ചെയ്യും.

നേരത്തേക്കൂട്ടി അപേക്ഷിച്ചാലും ക്യൂവിൽ നിന്നാലും പലപ്പോഴും പാസ് ലഭിക്കണമെന്നില്ല. പല പഞ്ചായത്തിലും ഭരണസമിതിയും സെക്രട്ടറിയും നിശ്ചയിക്കുന്നതിനനുസരിച്ചാണ് പാസ് വിതരണം. സ്വാധീനമുണ്ടെങ്കിൽ പാസ് നേരെ കൈകളിലേക്കെത്തും. പണച്ചിലവും ഉണ്ടാകും.

പാസ് അച്ചടിക്കുന്നത് പഞ്ചായത്താണെങ്കിലും മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും താലൂക്ക് ഓഫീസിൽ നിന്നും പഞ്ചായത്ത് എണ്ണം കൊടുത്ത് പാസിൽ സീൽ ചെയ്ത് വാങ്ങണം. ഇതോടൊപ്പം പാസ് വിതരണം ചെയ്ത് കിട്ടുന്ന തുകയുടെ ഓരോ ഭാഗം മുൻകൂറായി അടക്കുകയും വേണം. ഒരു ലോറി മണലിനുള്ള പാസിലൂടെ ലഭിക്കുന്ന 1000 രൂപയിൽ നിന്നും 500 രൂപ (50 ശതമാനം) തൊഴിലാളികൾക്കാണ്. ശേഷിക്കുന്ന തുകയുടെ 50 ശതമാനം (250 രൂപ) റിവർ മാനേജ്മെന്റ് കമ്മറ്റിക്കും 10 ശതമാനം (അമ്പത് രൂപ) മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിനും മുൻകൂറായി നൽകണം. ബാക്കി വരുന്ന 200 രൂപയാണ് (40ശതമാനം) പഞ്ചായത്തിന് ലഭിക്കുക.

ഒരു പാസിന് 3 കോപ്പി ഉണ്ടാകും. ഒന്ന് ഓഫീസ് ആവശ്യത്തിന്. മറ്റ് രണ്ടെണ്ണം ലോറികൾക്ക്. തൊഴിലാളികൾ മണൽ കയറ്റിക്കഴിഞ്ഞാൽ പാസിന്റെ ഒരു കോപ്പി ലോറിക്കാർ തൊഴിലാളികൾക്ക് നൽകണം. അവർ അതുമായി പഞ്ചായത്ത് ഓഫീസിൽ ചെന്നാൽ മണൽ കയറ്റിയതിനുള്ള കൂലി കിട്ടും. പാസിൽ മണലെടുക്കുന്ന തീയതി നേരത്തെ അടയാളപ്പെടുത്തിയിരിക്കും. അതു കൂടാതെ മണലെടുക്കുന്ന കൃത്യസമയം അടയാളപ്പെടുത്താനുള്ള കോളം പാസിലുണ്ട്. ഇതു ചെയ്യേണ്ടത് കടവുകളിൽ പഞ്ചായത്തുകൾ ഏർപ്പെടുത്തുന്ന വാച്ച് മാൻമാരാണ്. എന്നാൽ പലയിടത്തും പാസിൽ സമയം രേഖപ്പെടുത്താറില്ല. അങ്ങിനെ ഒരു പാസുപയോഗിച്ച് ദിവസം 5 തവണയിലേറെ മണലെടുക്കുന്നവരുണ്ട്. മണലെടുപ്പ് അനധികൃതമാകുന്നതോടെ തൊഴിലാളികൾക്കുള്ള കൂലിയും കൂട്ടും. പഞ്ചായത്തിനുള്ള (അ)വിഹിതം വാച്ച്മാൻ പിരിക്കുകയും ചെയ്യും.

### ക്രമക്കേടുകൾ പലവിധം

ഓരോ ലോറിയും കടവിൽ വന്ന സമയവും പാസ് നമ്പറും പോകുന്ന സമയവും വാച്ച്മാൻ കടവിലെ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നാണ് നിബന്ധന. എന്നാൽ രജിസ്റ്റർ മിക്കവാറും ശൂന്യമായിരിക്കും. വഴിയിലെവിടെയെങ്കിലും പരിശോധനയുണ്ടായാൽ പാസിൽ സമയം എഴുതേണ്ട ചുമതല ഡ്രൈവറുടേതാണ്. മൊബൈൽ ഫോൺ മുഖാന്തരം താമസിക്കാതെ വിവരമറിയുന്ന കടവിലെ വാച്ച് മാൻ രജിസ്റ്ററിലും സമയം രേഖപ്പെടുത്തും. പിന്നെ കേസ് തെളിയിക്കാനാവില്ല. പാസിൽ തിയ്യതി പോലും രേഖപ്പെടുത്താതെ കൊടുത്ത സംഭവങ്ങളും പാസിലെ തീയ്യതി മായ്ച്ച് കളഞ്ഞ് ദിവസങ്ങളോളം ഉപയോഗിക്കുന്ന രീതിയും അരങ്ങേറുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയാണ് താൽക്കാലിക ജീവനക്കാരായി വാച്ച് മാൻമാരെ നിശ്ചയിക്കുക. നൂറ് രൂപ ദിവസക്കൂലി. ഇതിന് പുറമെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും വേണ്ടി പിരിക്കുന്ന അവിഹിതത്തിന്റെ ഒരു പങ്കും. അതുകൊണ്ടു തന്നെ താൽക്കാലിക വാച്ച് മാൻ നിയമനത്തിനായി എത്തുന്നവരിൽ വർഗ-ബഹുജന സംഘടനകളുടെ ജില്ലാനേതാക്കൾ വരെ ഉണ്ടാകാറുണ്ട്.

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിൽ മൂന്ന് കടവുകളാണ് 2002ൽ മണൽ വാരാനായി അനുവദിക്കപ്പെട്ടിട്ടുള്ളത്. ബന്തർക്കടവ് (500 ലോഡ്) തിരുനാവായ (400 ലോഡ്) താഴത്തറ(300 ലോഡ്) എന്നിങ്ങനെ പഞ്ചായത്തിൽ നിന്ന് മൊത്തം ഒരു മാസം എടുക്കാവുന്ന മണൽ 1200 ലോഡാണ് എന്നാൽ ഒരു ദിവസം തന്നെ 100 ലോഡോളം മണൽ ഇവിടെനിന്ന് അനധികൃതമായികൊണ്ടുപോകുന്ന സമയങ്ങളുണ്ടായിട്ടുണ്ടെന്ന് പരിസരവാസികൾ പറയുന്നു.

പാസ് വിതരണം തുടങ്ങുന്നതോടെ പഞ്ചായത്തുകളിൽ സംഘർഷവും ആരംഭിക്കും. ക്യൂ നിന്നിട്ടും പാസ് ലഭിക്കാതെ വരുന്ന അപേക്ഷകർ പഞ്ചായത്ത് ഓഫീസ് തല്ലിപ്പൊളിച്ച സംഭവം നടന്നത് തിരുനാവായ ഗ്രാമപഞ്ചായത്തിലാണ്. കുറ്റിപ്പുറം പഞ്ചായത്ത് ഓഫീസും, തവനൂർ പഞ്ചായത്ത് ഓഫീസും തല്ലിത്തകർത്തത് മണൽ ലോബി തന്നെയാണ്. പാസ് വിതരണ പ്രശ്നത്തിൽ ഉണ്ടാകുന്ന പടലപ്പിണക്കങ്ങൾ കാരണം മണൽവാരലിനെതിരെ രാഷ്ട്രീയക്കാർ ചേരി തിരിഞ്ഞ് രംഗത്തിറങ്ങുന്നതും നിളാതീരപഞ്ചായത്തുകളിലെ കാഴ്ചയാണ്. തൃശ്ശൂർ ദേശമംഗലം പഞ്ചായത്തിലെ വറവട്ടൂർ കടവിൽ മണൽവാരലിന്റെ പേരിൽ ചേരി തിരിഞ്ഞ് സംഘട്ടനം നടന്നതും മണൽവാരൽ പരിശോധിക്കണമെന്നാവശ്യപ്പെട്ട് പോലീസ്സ്റ്റേഷൻ മാർച്ച് നടത്തിയതും ഇക്കഴിഞ്ഞ മെയ്മാസത്തിലായിരുന്നു. പഞ്ചായത്ത് ഭരണകക്ഷിയായ കോൺഗ്രസ്സിലെ പടലപ്പിണക്കമായിരുന്നു ഇതിന് വഴിവെച്ചത്.




● അനധികൃത മണൽവാരൽ തടയണമെന്നാവശ്യപ്പെട്ട് നിളാസംരക്ഷണ സമിതി കുറ്റിപ്പുറം പഞ്ചായത്തോഫീസ് ഉപരോധിച്ചപ്പോൾ

പ്രാദേശിക യൂണിയനുകൾക്ക് നിശ്ചിത ക്വാട്ട പാസ് നീക്കിവെക്കുന്ന സമ്പ്രദായവും പഞ്ചായത്തുകളിൽ നിലവിലുണ്ട്. കുറ്റിപ്പുറം ലോറി ഓപ്പറേറ്റേഴ്സ് അസോസിയേഷന് വേണ്ടി 6 പാസാണ് ഒരു ദിവസത്തെ ക്വാട്ട. ക്വാട്ട സമ്പ്രദായം ഭരണകക്ഷിക്ക് സ്വന്തം ആളുകളെ തൃപ്തിപ്പെടുത്താനും കരിഞ്ചന്തയിൽ പാസ് വിതരണം ചെയ്യാനുമാണ് സഹായിക്കുക. പാസ് കാലം തുടങ്ങിയാൽ പഞ്ചായത്ത് ഓഫീസുകളിൽ ഉത്സവമാണെന്ന് തൃത്താലയിലെ ഒരു പ്രാദേശികപത്രലേഖകൻ പറയുന്നു. ദൂരസ്ഥലത്തുള്ള ഉദ്യോഗസ്ഥർ ഞായറാഴ്ചകളിൽ പോലും വീട്ടിൽ പോകാറില്ല. വൈകീട്ട് മദ്യപാനവും പാർട്ടികളും കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

അനധികൃത മണൽവാരലിന് കൂട്ടുനിന്നും പാസ് വിതരണത്തിൽ ക്രമക്കേട് നടത്തിയും പതിനായിരത്തോളം രൂപ മാസവരുമാനമുണ്ടാക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപന ഉദ്യോഗസ്ഥരും ഉണ്ടെന്ന് തവനൂർ പഞ്ചായത്തിലെ ഒരംഗം തന്നെ പറയുന്നു. നിളാതീരപഞ്ചായത്തുകൾ വിട്ടുപോകാൻ മടിക്കുന്നവരുമുണ്ട്. കുറ്റിപ്പുറം പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന രംഗസ്വാമിയെ വ്യാപകമായ പരാതിയെ തുടർന്നാണ് തൃശ്ശൂർ ജില്ലയിലെ മണലില്ലാ പഞ്ചായത്തായ മണലൂരിലേക്ക് മാറ്റിയത്. നിളാതീരത്തെ ഏതെങ്കിലും പഞ്ചായത്തിലേക്ക് സെക്രട്ടറിയായി തിരിച്ചുവരാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് രംഗസ്വാമി. അതുകൊണ്ടുതന്നെ താമസം കുറ്റിപ്പുറത്തുനിന്ന് മാറ്റിയിട്ടുമില്ല.

### ആനക്കയം പാസ്

ഭാരതപ്പുഴയിലെ മണൽ വാരാനുള്ള വ്യാജപാസുകൾക്ക് പറയുന്ന പേരാണ് ആനക്കയം പാസ്. പട്ടാമ്പിയിലെ ഒരു ലീഗ് നേതാവായ അബ്ദുള്ളക്കുട്ടി മലപ്പുറം ജില്ലയിലെ ആനക്കയം പഞ്ചായത്തിൽ നിന്ന് മണലെടുക്കാനുള്ള പാസ് ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂര് അനധികൃതമായി ശേഖരിച്ച മണൽ വിൽപ്പനനടത്തുകയായിരുന്നു. പരാതിലഭിച്ച പട്ടാമ്പി ഡെപ്യൂട്ടി തഹസീൽദാർ 2001 സെപ്തംബർ 13ന് മണൽ വണ്ടി പിടിച്ചു. തഹസീൽദാരെയും സഹപ്രവർത്തകരെയും ആക്രമിച്ച് സംഘം വണ്ടികൊണ്ടുപോയി തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഒരു പാസ് പുസ്തകം മുഴുവനായാണ് സംഘത്തിൽ നിന്ന് പിടിച്ചെടുത്തത്. ആനക്കയം പഞ്ചായത്ത് പ്രസിഡന്റായിരുന്ന അബ്ദുള്ളക്കുട്ടിക്ക് ഇതിന് വേണ്ട ഒത്താശ ചെയ്തുകൊടുത്തത്. ക്രൈം നമ്പർ 342/2001 ആയി പട്ടാമ്പി പോലീസ് രജിസ്റ്റർ ചെയ്തകേസ് ഇപ്പോഴും നിലവിലുണ്ട്.

കുറ്റിപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 217/2002 ആയി ജൂൺ 22ന് വ്യാജപാസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. തവനൂർ പഞ്ചായത്തിലെ ഒരു കടവിൽ നിന്ന് സംശയം തോന്നി വാച്ച്മാനാണ് പാസ് പിടിച്ചെടുത്തത്. സാധാരണ പാസുമായി ഒരു വ്യത്യാസവുമില്ലാത്ത മൈനിംഗ് ആന്റ് ജിയോളജിയുടേയും, റവന്യൂ ഡിപ്പാർട്ട്മെന്റിന്റേയും, പഞ്ചായത്തിന്റേയും സീലുകൾ പാസിൽ ഉണ്ടായിരുന്നു. വ്യാജപാസ് അന്വേഷണം എത്തിയത് കന്നംകളത്തായിരുന്നു. ഉന്നതങ്ങളിലെ ഇടപെടൽ മൂലം ഈ കേസിൽ ഒരാളെ മാത്രം അറസ്റ്റ് ചെയ്ത് പോലീസ് കേസ് അവസാനിപ്പിച്ചു. ഇത്തരം വ്യാജപാസുകൾ ഇന്ന് മണൽ ലോബി വ്യാപകമായി ഉപയോഗിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് പരാതിയില്ലാത്തതുകൊണ്ട് അന്വേഷണവും നടക്കാറില്ല.

### കൂട്ടിയിട്ട മണലിനും കഴിച്ചെടുക്കുന്ന മണലിനും പാസ്

പാലക്കാട് ജില്ലയിലെ പട്ടാമ്പി പോലീസ് സ്റ്റേഷനതിർത്തിയിൽ ഒരാൾ വീട്ടുവളപ്പിൽ നിന്ന് മണൽ കഴിച്ചെടുക്കാനായി മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ പാസ് വാങ്ങി. പിന്നെ പുഴയോരത്തുള്ള വീട്ടുപറമ്പിലേക്ക് പുഴയിൽ നിന്ന് ആളുകളെ നിർത്തി മണൽ കയറ്റി വിൽപന തുടങ്ങി. അടുത്തിടെ പട്ടാമ്പി എസ്.ഐ സോജൻ ഇതു കണ്ടെത്തി പിടികൂടുകയായിരുന്നു.

മണൽ ലോബി സ്വീകരിക്കുന്ന മറ്റൊരു തന്ത്രം പുഴമണൽ വാരി പറമ്പോക്ക് സ്ഥലങ്ങളിൽ ശേഖരിക്കുന്നതാണ്. പിന്നീട് ഇവർ തന്നെ റവന്യൂ അധികാരികളെ വിവരമറിയിക്കും. അവർ സ്ഥലത്തെത്തി മണൽ കണ്ടുകെട്ടുകയും ലേലം വിളിക്കുകയും ചെയ്യും. ലേലത്തിൽ മണൽ കൊള്ളുന്നത് നേരത്തെ ശേഖരിച്ചവർ തന്നെയായിരിക്കും. ലേലം ചെയ്ത മണൽ നീക്കം ചെയ്യാൻ പാസ് ലഭിക്കും. അതേ പാസിന്റെ മറവിൽ വളരെയധികം മണൽ വേറെ കടത്തുകയും ചെയ്യും.

### കതിരപ്പുറം കയറ്റൽ

നനഞ്ഞ മണൽ ലോറിയിലെ നിശ്ചിത പരിധിയിൽ കൂടുതൽ കയറ്റിയാലും പുറത്തുപോകില്ല. ഇങ്ങിനെ കയറ്റുന്നതിനെ കതിരപ്പുറം കയറ്റൽ എന്നാണ് പറയുക. ഇതിന് തൊഴിലാളികൾക്കും കടവിലെ പഞ്ചായത്ത് വാച്ച്മാൻമാർക്കും നിശ്ചിത സംഖ്യ കൊടുക്കണം. ഒരു ലോറി മണലിന്റെ വിലയ്ക്ക് ഒന്നര ലോഡു വരെ കയറ്റാമെന്നതാണ് ഇതിന്റെ മെച്ചം. പഞ്ചായത്തിന് നഷ്ടം വരുത്തുന്ന ഈ പരിപാടിക്ക് കൂട്ടുനിൽക്കുന്നതും പഞ്ചായത്തധികാരികൾ തന്നെ.

(തുടരും)